*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

147th Issue - Volume 4, No. 28 ജാഗ്രത 19 th August 2010

കെസിബിസി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ ചെയർമാൻ ബിഷപ്പ് സ്റ്റാൻലി റോമൻ എല്ലാവർക്കും നേരുന്നു






**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## പ്രധാന വാർത്തകൾ

വോട്ടേഴ്സ് ലിസ്റ്റ് - വെട്ടിനിരത്തൽ നീക്കത്തെ ഗൗരവമായി കാണണം

മാനന്തവാടി രൂപതാ വൈദിക സമ്മേളനം

---

യുവസമൂഹം ഭീകരതക്കെതിരെ രംഗത്തു വരണം: ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ

---

കർഷകരുടെ ജീവിതനിലവാരം ഉയർത്താൻ പദ്ധതികൾ വേണം: ഡോ. തോമസ് മാർ കൂറിലോസ്

---

ദേവാലയനിർമ്മാണം വരും തലമുറയ്ക്കുള്ള സമ്മാനം: മാർ മാത്യൂ മൂലക്കാട്ട്

---

സത്യത്തിനു സാക്ഷ്യം നൽകുന്ന സമൂഹം ഇന്നിന്റെ ആവശ്യം: മാർ ആൻഡ്രൂസ് താഴത്ത്

## വോട്ടേഴ്സ് ലിസ്റ്റ് – വെട്ടിനിരത്തൽ നീക്കത്തെ ഗൗരവമായി കാണണം
## മാനന്തവാടി രൂപതാ വൈദിക സമ്മേളനം

വയനാട് ജില്ലയിലും സംസ്ഥാനത്തെ മറ്റു ചില ജില്ലകളിലും വോട്ടേഴ്സ് ലിസ്റ്റിൽ ചിലർ നടത്താൻ ശ്രമിച്ച വ്യാപകമായ വെട്ടിനിരത്തൽ ശ്രമങ്ങളെ ജനാധിപത്യ വിശ്വാസികൾ ഗൗരവമായി കാണണമെന്ന് മാനന്തവാടി രൂപതാ വൈദിക സമ്മേളനം അഭ്യർത്ഥിച്ചു. രൂപാതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം അദ്ധ്യക്ഷം വഹിച്ച സമ്മേളനത്തിൽ രൂപതയിൽ ജോലി ചെയ്യുന്ന മുഴുവൻ വൈദികരും സന്നിഹിതരായിരുന്നു. പഞ്ചായത്ത് രാജ് ആക്ടിലെ ചില വ്യവസ്ഥകളുടെ പഴുതുകൾ ദുരുപയോഗപ്പെടുത്തിയാണ് ഇത്തരം നീക്കങ്ങൾക്ക് ചില തല്പര കക്ഷികൾ ഗൂഢനീക്കങ്ങൾ നടത്തിയതെന്ന് വൈദിക സമ്മേളനം വിലയിരുത്തി. പാവനമായ ജനാധിപത്യ മൂല്യങ്ങളും, മതേതര തത്വങ്ങളും, രാഷ്ട്രീയ ധാർമ്മികതയുമാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത് എന്ന് ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചവർ ആവർത്തിച്ചു പറഞ്ഞു. ജനാധിപത്യ വ്യവസ്ഥിതിക്ക് ഇത് വലിയ ഭീഷണിയാണുയർത്തുന്നത്.വ്യാജപരാതികൾ നല്കുന്നവർക്കെതിരെ പഞ്ചായത്ത് നിയമത്തിൽ വ്യവസ്ഥകളുണ്ടെങ്കിലും നിയമനടപടികളുമായി ആരും തന്നെ രംഗത്തേക്ക് വരുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. ഇത്തരം അവാസ്തവമായ പരാതികളുടെ പേരിൽ പീഡനമേല്ക്കേണ്ടി വരുന്ന സമ്മതിദായകർക്ക് ന്യായമായ നഷ്ടപരിഹാരം വ്യാജപരാതിക്കാരിൽ നിന്നും വസൂലാക്കി നല്കാൻ വ്യവസ്ഥ ചെയ്യുന്ന നിയമഭേദഗതി കൊണ്ടുവരാൻ സർക്കാർ തയ്യാറാവണമെന്നും യോഗം ആവശ്യപ്പെട്ടു. ഫാ. ജോർജ് മമ്പള്ളിൽ, ഫാ. റോബിൻ വടക്കുംചേരി, ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പിള്ളി, ഫാ. സണ്ണി കൊല്ലാർത്തോട്ടം, ഫാ. ടോമി പുത്തൻപുരക്കൽ, ഫാ. ഡെന്നിസ് കഴുതാടി, ഫാ. വർക്ഷീസ് മുളകുടിയാങ്കൽ, ഫാ. ബെന്നി മുതിരക്കാലായിൽ, ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, അഡ്വ. ഫാ. തോമസ് ജോസഫ് തേരകം എന്നിവർ സംസാരിച്ചു. സഹവികാരി ജനറാൾ ഫാ. ജോസ് തേക്കനാടി സ്വാഗതവും രൂപതാ ചാൻസലർ ഫാ. ജോസഫ് പരുവുമ്മൽ നന്ദിയും പറഞ്ഞു.

## യുവസമൂഹം ഭീകരതക്കെതിരെ രംഗത്തു വരണം: ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ



രാജ്യത്തെ അപകടകരമാംവിധം ഗ്രസിച്ചുകൊണ്ടിരിക്കുന്ന തീവ്രവാദ, വിധ്വംസശക്തികളെ പ്രതിരോധിക്കാൻ യുവസമൂഹം ഒറ്റക്കെട്ടായി ഉണർന്നു പ്രവർത്തിക്കണമെന്നു കണ്ണൂർ രൂപതാ ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ. തീവ്രവാദത്തിനും ഭീകരതയ്ക്കുമെതിരെ കെസിവൈഎം കണ്ണൂർ രൂപത സ്വാതന്ത്ര്യദിനത്തിൽ തളിപ്പറമ്പിൽ സംഘടിപ്പിച്ച യുവജന റാലിയും കൂട്ടായ്മയും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. തീവ്രവാദ-ഭീകരവാദ-വിധ്വംസക ശക്തികൾ ഭാരതാംബയെ വരിഞ്ഞുമുറുക്കാൻ ശ്രമിക്കുകയാണ്. ഇത് മാതൃനാടിന്റെ നിലനില്പിനും വികസനത്തിനും ഭീഷണിയുയർത്തുന്നു. ഇത്തരം ഛിദ്രശക്തികളെ ഒറ്റപ്പെടുത്തി മാതൃരാജ്യത്തെ രക്ഷിക്കാൻ യുവസമൂഹം സംഘടിതശക്തിയായി മുന്നോട്ടുവരണമെന്നും ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ ആഹ്വാനം ചെയ്തു. കെസിവൈഎം രൂപതാ പ്രസിഡന്റ് മിറാജ് റൈമണ്ട്, ഫാ. ജോൺസൺ സിമേത്തി, ഫാ. മാത്യു കുഴിമലയിൽ, സുനിൽ കുര്യൻ, സെൽവി ജോർജ് എന്നിവർ പ്രസംഗിച്ചു.

## കർഷകരുടെ ജീവിതനിലവാരം ഉയർത്താൻ പദ്ധതികൾ വേണം: ഡോ. തോമസ് മാർ കൂറിലോസ്



കർഷകരുടെ വളർച്ചയിലൂടെയേ നാടിന്റെ വികസനം സാധ്യമാകുകയുള്ളൂവെന്ന് മലങ്കര കത്തോലിക്കാ സഭ ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ്. കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള കർമപദ്ധതികൾ ഉണ്ടായെങ്കിലേ കാർഷികവൃത്തിയിലേക്ക് വരുംതലമുറയെ ആകർഷിക്കാൻ കഴിയൂ. കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷയും ഇൻസെന്റീവും നൽകി കാർഷിക വിളകളിൽ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കണം. കാർഷിക വളർച്ചയ്ക്ക് പഞ്ചായത്തിനെ മാതൃകയാക്കണം. മനുഷ്യൻ നന്മയിലേക്ക് വളരണമെങ്കിലും കാർഷികമേഖല വളരണമെന്നും മെത്രാപ്പോലീത്ത പറഞ്ഞു. തിരുവല്ല അതിരൂപതയുടെ

സോഷ്യൽ സർവീസ് വിഭാഗമായ ബോധനയും ദീപികയും സംയുക്തമായി സംഘടിപ്പിച്ച കർഷകസംഗമത്തിന്റെ സമാപനസമ്മേളനത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു മെത്രാപ്പോലീത്ത. കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ കർഷകരെ പ്രാപ്തരാക്കുന്ന നടപടികൾ ഉണ്ടാകണമെന്ന് സമാപനസമ്മേളനം ഉദ്ഘാടനംചെയ്ത് റോഷി അഗസ്റ്റിൻ എംഎൽഎ പറഞ്ഞു. രാജ്യസുരക്ഷയോടൊപ്പം പ്രാധാന്യമേറിയതാണ് ഭക്ഷ്യസുരക്ഷയും. കൃഷിരീതിയിലും യന്ത്രവത്കരണത്തിലും ആധുനികവത്കരണം അനിവാര്യമാണെന്നും റോഷി പറഞ്ഞു. കർഷകദിനാചരണത്തിന്റെ ഭാഗമായി ബോധന തെരഞ്ഞെടുത്ത മികച്ച കർഷകരായ മന്തിപ്പാറ പെരുനിലത്ത് ഏലിക്കുട്ടി വർഗീസ്, ചേമ്പളം കല്ലാർ പനച്ചിക്കൽ ദേവസ്യ ചാക്കോ എന്നിവരെ ചടങ്ങിൽ പൊന്നാടയണിയിച്ചു. ഫലകവും കാഷ് അവാർഡും നൽകി ആദരിച്ചു. കർഷകർ ഒന്നിച്ചുനിന്ന് പ്രശ്നപരിഹാരത്തിനായി ശബ്ദമുയർത്തണമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ദീപിക ജനറൽ മാനേജർ (സർക്കുലേഷൻ) ഫാ. ജോസ് നെല്ലിക്കത്തെരുവിൽ ആവശ്യപ്പെട്ടു. ജീവിത പ്രശ്നങ്ങളിൽ ഉഴലുന്ന കർഷകരെ ഭിന്നിപ്പിക്കുന്ന ഘടകങ്ങളാണ് കർഷകമുന്നേറ്റത്തിന് തടസമായി നിൽക്കുന്നത്. രാസവള പ്രയോഗത്തിലൂടെ മണ്ണിനെ കൊല്ലുന്ന നടപടികൾ ഉപേക്ഷിക്കാൻ കർഷകർ തയാറാകണമെന്നും ഫാ. നെല്ലിക്കത്തെരുവിൽ പറഞ്ഞു. കെ.കെ. ജയചന്ദ്രൻ എംഎൽഎ, കട്ടപ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രവദ ശിവരാജൻ, ബോധന മേഖല ഡയറക്ടർ ഫാ. ഏബ്രഹാം ചാക്കോ നരിമറ്റത്തിൽ, കോ-ഓർഡിനേറ്റർ എം.എം. തോമസ് എന്നിവർ പ്രസംഗിച്ചു.

## ദേവാലയനിർമ്മാണം വരും തലമുറയ്ക്കുള്ള സമ്മാനം: ആർച്ച് ബിഷപ് മാർ മാത്യൂ മൂലക്കാട്ട്



ദേവാലയനിർമ്മാണം വരും തലമുറയ്ക്കുള്ള സമ്മാനമാണെന്ന് കോട്ടയം അതിരൂപതാ മെത്രാപ്പൊലീത്ത മാർ മാത്യൂ മൂലക്കാട്ട്. കോട്ടയം അതിരൂപതാശതാബ്ദി വർഷത്തിലൂടെ കടന്നുപോകുമ്പോൾ ദൈവം നമുക്കു തന്നിരിക്കുന്ന സമ്മാനമാണ് എറണാകുളത്ത് പുതിയ ഒരു ദേവാലയമെന്നും ആർച്ച് ബിഷപ് പറഞ്ഞു. കോട്ടയം അതിരൂപതയുടെ എറണാകുളത്തുള്ള സെന്റ് കുര്യാക്കോസ് ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചുസംസാരിക്കുകയായിരുന്നു അദ്ദേഹം. മക്കൾക്കായി നാം പലതും കരുതിവയ്ക്കുന്നതുപോലെ തന്നെ വരുംതലമുറയ്ക്കായി ഒരു സമൂഹം കരുതി വയ്ക്കുന്ന അതിശ്രേഷ്ഠമായ സമ്മാനമായിരിക്കും ദേവാലയനിർമ്മാണമെന്നും അഭിവന്ദ്യപിതാവ് പറഞ്ഞു. വികാരി ഫാ. റെന്നി കട്ടേൽ, ട്രസ്റ്റിമാരായ ശ്രീ കുര്യൻ മണിമല, ശ്രീ ആന്റണി കുന്നുംപുറത്ത്, ശ്രീ ജേക്കബ് മറ്റത്തിൽ, കടത്തുരുത്തി ഫൊറോന വികാരി റവ. ഫാ. ജോൺ ചേത്തലിൽ, ഫാ. മാത്യൂ, ഫാ. ജോണി കൊച്ചുപറമ്പിൽ, ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ജിനു കാവിൽ, ഫാ. സിജു മുടക്കോടിൽ, ഫാ. എഫ്രേം തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

## സത്യത്തിനു സാക്ഷ്യം നൽകുന്ന സമൂഹം ഇന്നിന്റെ ആവശ്യം: മാർ ആൻഡ്രൂസ് താഴത്ത്



മൂല്യങ്ങളെ കാറ്റിൽപറത്തുന്ന ഇന്നത്തെ കാലഘട്ടത്തിൽ സത്യത്തിനു സാക്ഷ്യം നൽകുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുകയാണ് വേണ്ടതെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. അതിരൂപത മതബോധന കേന്ദ്രത്തിൽ നടന്ന അവാർഡ്ദാന ചടങ്ങുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച്ബിഷപ്. അതിരൂപതയിൽ മതബോധന പരീക്ഷകൾക്ക് റാങ്ക് നേടിയ വിദ്യാർഥികൾക്ക് മാർ താഴത്ത് പുരസ്കാരങ്ങൾ സമ്മാനിച്ചു. തൃശൂർ സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ.പി.ഒ. ജെൻസൻ അധ്യക്ഷത വഹിച്ചു. അതിരൂപത മതബോധന ഡയറക്ടർ ഫാ. ജിഫി മേക്കാട്ടുകുളം, ബെസ്റ്റ് യൂണിറ്റ് വികാരി ഫാ. ജോസഫ് വൈക്കാടൻ, അതിരൂപത പിടിഎ പ്രസിഡന്റ് വറീത് തരകൻ, കമ്മീഷൻ സെക്രട്ടറി ലിജോ ജോസ്, കാറ്റിക്കിസം സെക്രട്ടറി പി.എം. സേവ്യർ, ബെസ്റ്റ് മോഡൽ ടീച്ചർ കെ.ഐ. കൊച്ചുത്രേസ്യ, 12-ാം ക്ലാസിലെ വേദോപദേശ പരീക്ഷയിൽ ഒന്നാംറാങ്ക് നേടിയ സുനേനറോസ് എന്നിവർ സംസാരിച്ചു.


**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org, **Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA